# 64. ഒരു പുണ്യവാളനും ഒരു പുണ്യവാളത്തിയും

ഈയിടെ ജോൺപോൾ മാർപ്പാപ്പ പടിഞ്ഞാറേ ജർമനിയിൽ ഒരു പര്യടനം നടത്തിയപ്പോൾ റൂപ്പെർട്ട്മെയർ എന്ന ഒരു ജെസ്യൂട്ട് പുരോഹിതനെയും എഡിത്ത്സ്റ്റൈൻ എന്ന ഒരു കന്യാസ്ത്രീയേയും പുണ്യവാളനും പുണ്യവാളത്തിയും ആയി പ്രഖ്യാപിക്കുന്നതിനുള്ള 'ബീററിഫിക്കേഷൻ' (അനുഗ്രഹീതത്വപ്രഖ്യാപനം) എന്ന പ്രാരംഭനടപടി കൈക്കൊള്ളുകയുണ്ടായി. ഈ നടപടി ഇപ്പോൾ ജർമനിയിൽ പരക്കെ വാദപ്രതിവാദവിഷയമായിരിക്കുകയാണെന്നു്, 1987 ഏപ്രിൽ 29–ാം തീയതിയിലെ 'ന്യൂറൻ ബെർഗർനാക്റിക്ടെൻ' എന്ന പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്നതും മെയ് 17–ാം തീയതിയിലെ 'ജർമൻട്രൈബ്യൂൺ' വാരികയിൽ ഉദ്ധരിച്ചിരുന്നതുമായ ഒരു ലേഖനത്തിൽ കാണുന്നു.

ഹിററ്ലർ വാഴ്ചക്കാലത്തു് നാത്സികളുടെ തടങ്ങൽ ക്യാമ്പിൽ ഏഴ വർഷത്തോളം കഴിച്ചുകൂട്ടേണ്ടിവന്ന ഒരാളായിരുന്നു ഫാദർ റൂപ്പെർട്ട് മെയർ. കന്യാസ്ത്രീ എഡിത്ത്സ്റ്റൈനിനെ നാത്സികൾ 'ഔഷ്‌വിററ്സ്' എന്ന സ്ഥലത്തുണ്ടായിരുന്ന ജൂതരുടെ തടങ്ങൽക്യാമ്പിൽ വിഷവായു നിറച്ച മുറിയിൽ (ഗ്യാസ്ചെയ്ംബർ) അടച്ചു കൊന്നുകളഞ്ഞു. ഉത്തമമായ ക്രിസ്തീയജീവിതം നയിച്ചവരായിരുന്നു പുരോഹിതൻ മെയറും കന്യാസ്ത്രീ എഡിത്തും എന്ന കാര്യത്തിൽ ആർക്കും രണ്ടഭിപ്രായമില്ല. പുണ്യവാളനും പുണ്യവാളത്തിയുമായി പ്രഖ്യാപിക്കപ്പെടാൻ അവർക്കുള്ള അർഹതയെച്ചൊല്ലിയല്ല അവരുടെ അനുഗ്രഹീതത്വപ്രഖ്യാപനത്തോടെതിർപ്പു്. പിന്നെ, എന്തിനെച്ചൊല്ലിയാണെന്നല്ലേ?

1933–ൽ ഹിററ്ലറുടെ നാത്സിപാർട്ടി ജർമനിയിൽ അധികാരത്തിൽവന്നപ്പോൾ കത്തോലിക്കസഭ അവരെ എതിർക്കുകയുണ്ടായില്ല. മറിച്ചു് നാത്സിഭരണകൂടവുമായി വർത്തിക്കാൻ ഒരു ഒത്തുതീർപ്പു് (കോൺകാർഡാററ്) ഉണ്ടാക്കുകയുംചെയ്തു. ഈ ഒത്തുതീർപ്പിന്റെ ഫലമായി കത്തോലിക്കരിൽ വളരെ വലിയ ഒരു വിഭാഗത്തിന്റെ അനുഭാവം നാത്സിപാർട്ടിക്കു് അതിന്റെ ആരംഭകാലത്തിൽ കൈവന്നു. കത്തോലിക്കപ്പള്ളിയുടെ ഈ പാപകൃത്യത്തിന്മേൽ വെള്ളപൂശുവാനുള്ള മാർപാപ്പയുടെ ഒരു ശ്രമമാണു് റൂപ്പെർട്ട്മെയറുടെയും എഡിത്ത്സ്റ്റൈനിന്റെയും അനുഗ്രഹീതത്വപ്രഖ്യാപനം എന്നു് പശ്ചിമജർമനിയിലെ റോമൻകത്തോലിക്കരുടെ ഒരു പുരോഗമനവിഭാഗം പരസ്യമായി പ്രസ്താവിച്ചിരിക്കുന്നു. ഏതായാലും, നാത്സിസർക്കാരിന്റെ (മൂന്നാം റൈഷിന്റെ) കീഴിൽ ഫാദർ മെയറും കന്യാസ്ത്രീ എഡിത്തും അനുഭവിച്ച പീഡനങ്ങൾ കത്തോലിക്കപ്പള്ളിയുടെ മഹിമ വർദ്ധിപ്പിക്കുന്നവ ആയിരുന്നില്ല എന്നതു നിസ്സംശയമാണു്.

സ്റ്റുട്ട്ഗാർട്ട് നഗരത്തിൽ ഒരു വ്യാപാരിയുടെ മകനായിരുന്ന റൂപ്പെർട്ട്മെയർ ഒരു ദേശീയവാദിയായിരുന്നു. ചെറുപ്പത്തിൽ ജെസ്യൂട്ട് പാതിരിയായിത്തീർന്ന മെയർ ഒന്നാം മഹായുദ്ധകാലത്തു് മ്യൂണിക്ക് നഗരത്തിലെ പാവപ്പെട്ട വ്യാവസായികത്തൊഴിലാളികൾക്കിടയിൽ സേവനപ്രവർത്തനം നടത്തി പ്രസിദ്ധനായി. 1914–ാമാണ്ടിൽ സ്വന്തം ഇഷ്ടപ്രകാരം ഫാദർ മെയർ കൈസറുടെ ജർമൻപട്ടാളത്തിൽ ഒരു പുരോഹിതൻ (ചാപ്ലൈൻ) ആയിച്ചേർന്നു. റുമാനിയയിൽ സൈനിക പ്രവർത്തനത്തിനിടയിൽ മെയർക്കു് ഒരു കാൽ നഷ്ടപ്പെട്ടു.

യുദ്ധത്തിനുശേഷം 1919–ാമാണ്ടിൽ ഫാദർ മെയർ മ്യൂണിക്കിൽ തിരിച്ചെത്തി പൗരോഹിത്യകൃത്യങ്ങളിൽ ഏർപ്പെട്ടു. കമ്യൂണിസ്റ്റുകാർക്ക് എതിരായിരുന്നെങ്കിലും ഫാദർ മെയർ പാവങ്ങളുടെ ഭാഗത്തായിരുന്നു. പണക്കാരെ അദ്ദേഹം തന്റെ പ്രസംഗങ്ങളിൽ എതിർത്തുപോന്നു. ഒരു യഥാർത്ഥ കത്തോലിക്കന് ഒരിക്കലും ഒരു നാത്സിയാകാൻ കഴിയില്ലെന്നു തുറന്നുപറഞ്ഞതിനു് 1930–ൽ ഫാദർ മെയറെ ഒരു യോഗത്തിൽ നിന്നു ചവിട്ടി പുറത്താക്കുകയുണ്ടായി.

1933 മുതൽ നാത്സി രഹസ്യപ്പോലീസുകാർ ഫാദർ മെയറുടെ പ്രവർത്തനങ്ങൾ ശ്രദ്ധിക്കാൻ തുടങ്ങി. പള്ളിയിലെ അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ അവർ നിയമേന ഷോർട്ട് ഹാൻഡിൽ പകർത്തിവന്നു. നാത്സിപാർട്ടിയേയും ജർമൻ സ്റ്റേററിനേയും എതിർത്തു സംസാരിച്ചു എന്ന കുററത്തിനു് 1937–ൽ ഫാദർ മെയർ അറസ്റ്റുചെയ്യപ്പെട്ടു ഒരു പ്രത്യേക കോടതി അദ്ദേഹത്തിനു് ആറു മാസത്തെ തടവുശിക്ഷ വിധിച്ചു.

തന്റെ ശിക്ഷ കുറച്ചുകിട്ടാൻവേണ്ടി നാത്സിസർക്കാരിനെ സമീപിക്കരുതെന്നു് ഫാദർ മെയർ ജെസ്യൂട്ട് മേലധികാരികളോട് അഭ്യർത്ഥിച്ചിരുന്നു. എന്നിട്ടും മ്യൂണിക്കിലെ ജെസ്യൂട്ട്മേലാളർ സർക്കാരിലേക്കു് ഇങ്ങനെ എഴുതി:

'താൻ ഒരു ദേശീയവാദിയാണെന്നു് റൂപ്പെർട്ട്മെയർ തെളിയിക്കേണ്ടതില്ല. മഹായുദ്ധത്തിൽ അദ്ദേഹം നൽകിയ ആദർശാത്മകമായ സൈനികസേവനം പരക്കെ ശ്ലാഘിക്കപ്പെട്ടിട്ടുണ്ടു്.

1918–ലെ വിപ്ലവത്തോടു് അദ്ദേഹം പൊരുതി. അദ്ദേഹത്തിനു ഗൗരവാവഹമായ മുറിവുപററി. കമ്യൂണിസത്തിനും മാർക്സിസത്തിനുമെതിരായ സംഘർഷത്തിൽ ദേശാഭിമാനം തുളുമ്പുന്ന എണ്ണമററ പ്രസംഗങ്ങൾ ഫാദർ മെയർ നടത്തിയിട്ടുണ്ടു്. ഒരിക്കൽ ഫ്യൂററോടു് (ഹിററ്ലറോടു്) ഒപ്പം ഒരേ പ്ളാററ്ഫോമിൽനിന്നു് ഫാദർ മെയർ പ്രസംഗിച്ചിട്ടുണ്ടു്. ഇതൊക്കെ മതി അദ്ദേഹത്തിന്റെ ദേശാഭിമാനം തെളിയിക്കാൻ.'

(ഹിററ്ലറോടൊപ്പം ഫാദർ മെയർ പ്രസംഗിച്ചു എന്ന ജെസ്യൂട്ട് മേലാളരുടെ പ്രസ്താവന വാസ്തവമല്ലെന്നു ലേഖനത്തിൽ പറയുന്നു.)

ജയിൽശിക്ഷ കഴിഞ്ഞുവന്ന ഫാദർ മെയർ നാത്സിപാർട്ടിക്കെതിരായ പ്രസംഗങ്ങൾ തുടർന്നു. അതിനാൽ നാത്സികൾ അദ്ദേഹത്തെ വീണ്ടും അറസ്റ്റ്ചെയ്തു് 'ഓരാണിയൻബുർഗ്' എന്ന സ്ഥലത്തുണ്ടായിരുന്ന തടങ്കൽ ക്യാമ്പിൽ പാർപ്പിച്ചു.

ഇവിടെവച്ചു് ഫാദർ മെയറുടെ ആരോഗ്യം ക്ഷയിച്ചു. തടങ്കൽ ക്യാമ്പിൽവച്ചു മരിച്ചാൽ ജനങ്ങൾ അദ്ദേഹത്തെ ഒരു രക്തസാക്ഷിയായി കരുതി ആരാധിച്ചെങ്കിലോ എന്നായി നാത്സികളുടെ ഭയം. അവർ പള്ളിയധികാരികളുമായി ഒരു ഒത്തുതീർപ്പുണ്ടാക്കി ഫാദർ മെയറെ തടങ്കൽ ക്യാമ്പിൽനിന്നു് 1940–ൽ വിട്ടയച്ചു. പള്ളിയധികാരികൾ അദ്ദേഹത്തെ 'എററൽ' എന്ന സ്ഥലത്തുള്ള ബെനഡിക്ടൈൻ സന്ന്യാസാശ്രമത്തിലേക്കയച്ചു. അദ്ദേഹം പൊതുവേദികളിൽ പ്രത്യക്ഷപ്പെടുകയോ പ്രസംഗിക്കുകയോചെയ്യുന്നതു് അവർ കർശനമായി വിലക്കുകയുംചെയ്തു.

ഈ സന്ന്യാസാശ്രമത്തിലെ തടവിൽനിന്നു് 1945–ാമാണ്ടിൽ അമേരിക്കൻ പട്ടാളക്കാർ ഫാദർ മെയറെ വിമോചിപ്പിച്ചു. അദ്ദേഹം മ്യൂണിക്കിലേക്കു തിരികെപ്പോയി; അവിടെവച്ചു പക്ഷാഘാതം ബാധിച്ചു് ആ ആണ്ടിൽത്തന്നെ മരിച്ചു.

ഫാദർ റൂപ്പെർട്ട് മെയറുടെ പീഡാനുഭവങ്ങൾക്കും മരണത്തിനുമുള്ള ഉത്തരവാദിത്തം നാത്സിപാർട്ടിക്കും കത്തോലിക്കപ്പള്ളിക്കും ഒപ്പമൊ

പ്പം പങ്കിട്ടു കൊടുക്കേണ്ടതാണ് എന്ന്, ലേഖനത്തിലെ ഈ സംഭവ വിവരണത്തിൽനിന്നു വ്യക്തമാവുന്നു.

ജൂതനായ ഒരു മരക്കച്ചവടക്കാരൻെറ മകളായാണ് 1891–ാമാണ്ടിൽ ബ്രെസ്ലൗ നഗരത്തിൽ എഡിത്ത്സ്റ്റെയ്ൻ പിറന്നത്. ഇരുപത്തൊന്നാം വയസ്സുവരെ എഡിത്തിന് ഈശ്വരനിൽ വിശ്വാസമുണ്ടായിരുന്നില്ല. എഡ്മണ്ട് ഹുസ്സേൾ എന്ന പ്രശസ്ത ദാർശനികൻെറ ശിഷ്യയായി എഡിത്ത് സ്റ്റെയ്ൻ ഫ്രൈബുർഗ് യൂണിവേഴ്സിററിയിൽനിന്നു തത്ത്വചിന്തയിൽ ബിരുദം നേടി.

1922–ാമാണ്ടിൽ, തനിക്കു മുപ്പത്തൊന്നു വയസ്സുള്ളപ്പോൾ എഡിത്ത്സ്റ്റെയ്ൻ യഹൂദമതം ഉപേക്ഷിച്ച് കത്തോലിക്കമതം സ്വീകരിച്ചു. പതിനൊന്നു വർഷം കഴിഞ്ഞ്, 1933–ാമാണ്ടിൽ കോളോണിലെ ഒരു കർമലീത്ത സന്ന്യാസിനീമഠത്തിൽ 'തെരേസിയ ബെനഡിക്ട' എന്ന പേരിൽ കന്യാസ്ത്രീയായി ചേരുകയുംചെയ്തു.

1938–ൽ ജർമനിയിൽ നടന്ന പൊതുതെരഞ്ഞെടുപ്പിൽ അനാര്യ (നോൺ–ആര്യൻ) ആണെന്ന കാരണത്താൽ ഈ കന്യാസ്ത്രീയ്ക്കു വോട്ടു നിഷേധിക്കപ്പെട്ടു. ജൂതസ്ത്രീ ആയതിനാൽ നാത്സികൾ എഡിത്തിനെ അറസ്റ്റ്ചെയ്തു തടങ്ങൽ ക്യാമ്പിലടയ്ക്കുമെന്ന ഭയത്താൽ, 1938–ൽ ഹോളണ്ടിലുള്ള ഒരു കർമലീത്ത കന്യാസ്ത്രീമഠത്തിലേക്ക് തെരേസിയയെ മാററി പാർപ്പിച്ചു. ജർമൻ സൈന്യം ഹോളണ്ട് ആക്രമിച്ചു കീഴടക്കിയപ്പോൾ കന്യാസ്ത്രീമഠക്കാർ തെരേസിയയെ സ്വിററ്സർലാൻഡിലേക്ക് അയയ്ക്കാൻ തീരുമാനിച്ചു. പക്ഷേ, സ്വിററ്സർലാൻഡിലെ പോലീസിൻെറ എതിർപ്പും വത്തിക്കാനിൽ മാർപ്പാപ്പയുടെ ഉദ്യോഗസ്ഥർ സൃഷ്ടിച്ച പ്രയാസങ്ങളും നിമിത്തം തെരേസിയയ്ക്ക് ഹോളണ്ടിൽനിന്നും നാത്സികളിൽനിന്നും രക്ഷപ്പെടാൻ കഴിഞ്ഞില്ല.

1942–ആഗസ്റ്റ് 2–ാം തീയതി നാത്സികൾ തെരേസിയ ബെനഡിക്ടയേയും, അവരുടെ സഹോദരി റോസയെയും, കത്തോലിക്കമതത്തിലേക്കു പരിവർത്തനംചെയ്ത വേറെ 1200 ജൂതരേയും അറസ്റ്റ്ചെയ്ത് പോളണ്ടിലേക്കു നാടുകടത്തി. പോളണ്ടിൽ, 'ഔഷ്വിററ്സ്' (ഇപ്പോൾ ഓസ് വിസിം) എന്ന സ്ഥലത്തുള്ള കുപ്രസിദ്ധമായ തടങ്ങൽ ക്യാമ്പിലെ വിഷവായു മുറിയിൽ (ഗ്യാസ് ചെയിംബർ) ഒരാഴ്ചയ്ക്കകം ഈ കന്യാസ്ത്രീയുടെ ജീവൻ ഒടുങ്ങി. ജൂതർ, കമ്യൂണിസ്റ്റുകാർ മുതലായവർ ഉൾപ്പെടെ നാലു ലക്ഷത്തോളം ജീവിതങ്ങളാണ് ഈ തടങ്ങൽക്യാമ്പിൽ ഹോമിക്കപ്പെട്ടത്.

തനിക്ക് ഒരു കൂടിക്കാഴ്ച അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് 1933–ൽ തെരേസിയ ബെനഡിക്ട ഒമ്പതാം പീയൂസ് മാർപ്പാപ്പയ്ക്ക് ഒരു നിവേദനം സമർപ്പിച്ചിരുന്നു. നാത്സി ജർമനിയിൽ നടക്കുന്ന ജൂതമർദനങ്ങളെ അസന്ദിഗ്ദ്ധമായി എതിർത്തുകൊണ്ട് ഒരു ചാക്രിക ലേഖനം പ്രസിദ്ധീകരിക്കാൻ മാർപ്പാപ്പയെ പ്രേരിപ്പിക്കുകയാണു തൻെറ കൂടിക്കാഴ്ചയുടെ ലക്ഷ്യമെന്ന് ആ നിവേദനത്തിൽ ഈ കന്യാസ്ത്രീ പറഞ്ഞിരുന്നു.

ഈ നിവേദനത്തിനു മറുപടിയായി മാർപ്പാപ്പ സിസ്റ്റർ തെരേസിയയ്ക്ക് ഔപചാരികമായ ഒരു അനുഗ്രഹം അയച്ചുകൊടുക്കുകയാണുണ്ടായത്. നാത്സി സർക്കാരുമായി മുമ്പു പ്രസ്താവിച്ച ഒത്തുതീർപ്പിൽ അതിനുമുമ്പുതന്നെ മാർപ്പാപ്പ ഒപ്പുവച്ചുകഴിഞ്ഞിരുന്നു.

ജൂതജനതയുടെ പീഡാനുഭവങ്ങളിലുള്ള പങ്കാളിത്തമായാണു തൻെറ മരണത്തെ തെരേസിയ ബെനഡിക്ട കണ്ടിരുന്നത്. ഈ വസ്തുത ആ കന്യാസ്ത്രീ തുറന്നുപറഞ്ഞിട്ടുമുണ്ട്. ജൂതവംശത്തിൽ പിറന്നു എന്ന പാപത്തിനാണ് തെരേസിയയ്ക്കു മരണശിക്ഷ നൽകപ്പെട്ടത്. അവരുടെ പീ

ധാനഭവവും, ഫാദർ മെയറുടെ പീഡാനഭവംപോലെ, കത്തോലിക്ക സഭയുടെ മഹിമ വളർത്തുന്നതിനായിരുന്നില്ല.

വിശുദ്ധരായി പ്രഖ്യാപിക്കപ്പെടാൻ ഫാദർ മെയർക്കും സിസ്റ്റർ തെറേസിയയ്ക്കും അർഹതയുണ്ടോ എന്നതല്ല പ്രശ്നം. അവരെ പീഡിപ്പിച്ചുകൊന്ന നാത്സിപാർട്ടിയുമായി സഹകരിച്ച കത്തോലിക്കപ്പള്ളി, ഇപ്പോൾ അവരെ, അതേ പീഡാനുഭവങ്ങളുടെ പേരിൽ വിശുദ്ധരെന്ന പ്രഖ്യാപിക്കുന്നതിലെ ഔചിത്യമാണ ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നതു്.

(5 ജൂലൈ, 1987)

# 65. ഡ്രാക്കുള ജീവിക്കുന്നു

എന്തുകൊണ്ടു് മലയാളത്തിലെ വാരികകളിൽ ഇത്രയേറെ കുററകഥകൾ പ്രസിദ്ധീകരിക്കപ്പെടുന്നു? കള്ളച്ചാരായം കുടിച്ച കുറേ ആളുകളുടെ കണ്ണു പൊട്ടുകയോ, തീവണ്ടി മറിഞ്ഞു് അനേകർക്കു് അപകടംപററുകയോ, കാമുകൻ വഞ്ചിച്ച ഗർഭിണിയായ പെൺകുട്ടി കയറിൽ ജീവൻ ഒടുക്കുകയോ ഒക്കെ സംഭവിക്കുമ്പോഴേക്കും നമ്മുടെ പത്രങ്ങളിലെ ഫീച്ചർ എഴുത്തുകാരും ഫോട്ടോഗ്രാഫർമാരും സംഭവസ്ഥലങ്ങളിൽ മത്സരബുദ്ധിയോടെ പാഞ്ഞെത്തുന്നതിന്റെ കാരണമെന്താണു്?

ഭയം, അറപ്പു്, പക മുതലായവ നേരിട്ടു് അനുഭവിക്കാൻ രസമുള്ള വികാരങ്ങളല്ല. എന്നാൽ, മററുള്ളവർ ഈ വികാരങ്ങളുടെ ജ്വാലകളിൽ കിടന്നുപിടയുന്നതു വിട്ടുനിന്നു കാണുമ്പോൾ, ക്രൂരമായ ഒരുതരം സംതൃപ്തി തോന്നാത്തവർ കുറവാണു്. ഭയാനകവും ബീഭത്സവും രൗദ്രവും മനുഷ്യരെ വലിയ തോതിൽ എക്കാലത്തും ആകർഷിച്ചിട്ടുണ്ടു്. വിദ്യാഭ്യാസവും സംസ്കാരവും വർദ്ധിച്ചിട്ടും ഈ പ്രാകൃതമായ ആകർഷണത്തിന്റെ പിടിയിൽനിന്നു വിട്ടുപോരാൻ മനുഷ്യർക്കു കഴിയുന്നില്ല. തനിക്കു് അപകടംവരില്ലെന്ന ഉറപ്പോടെ അക്രമങ്ങളിലും അത്യാഹിതങ്ങളിലും ആപത്തുകളിലും പങ്കെടുക്കുന്ന മനുഷ്യക്കു കൈവരുന്ന വികാരമൂർച്ഛ (ത്രിൽ) ഒന്നു വേറെതന്നെ.

ഈയാണ്ടിൽ ആഗസ്റ്റു് 28—ാം തീയതിയാണല്ലോ കേരളീയർ തിരുവോണം ആഘോഷിച്ചതു്. അതിനു നാലു ദിവസം മുമ്പു്, ആഗസ്റ്റു് 24—ാം തീയതി ഇററലിയിലെ പാദുവാ നഗരത്തിൽ അസാധാരണമായ ഒരു പ്രദർശനം ഉദ്ഘാടനംചെയ്യപ്പെടുകയുണ്ടായി. എട്ടു ആഴ്ച (രണ്ടു മാസം) നീണ്ടുനിന്ന ഈ പ്രദർശനം വാമ്പയറുകളെ (Vampire) കുറിച്ചായിരുന്നു.

ഏതു രാജ്യത്തും മനുഷ്യർക്കിടയിൽ പലതരം അന്ധവിശ്വാസങ്ങൾ നിലനിൽക്കുന്നുണ്ടു്. പ്രേതങ്ങളെപ്പററി പല വിശ്വാസങ്ങളും നമ്മുടെ ഇടയിലുണ്ടല്ലോ. യൂറോപ്പിലെ ജനങ്ങളുടെ വിശ്വാസത്തിൽ പുലരുന്ന ഒരുതരം പ്രേതങ്ങളാണു് വാമ്പയറുകൾ. നമ്മുടെ വിശ്വാസപ്രകാരം പ്രേതങ്ങൾക്കു (മരിച്ചവരുടെ ആത്മാക്കൾക്കു്) ഭൗതിക ശരീരമില്ല; സൂക്ഷ്മശരീരം മാത്രമേ ഉള്ളൂ. എന്നാൽ, മനുഷ്യരായി ജീവിച്ചിരുന്ന കാലത്തു് ഉണ്ടായിരുന്ന സ്ഥൂലശരീരം വാമ്പയറുകൾ മരണത്തിനുശേഷവും നിലനിർത്തുന്നതായി യൂറോപ്യർ വിശ്വസിക്കുന്നു.

കിഴക്കേ യൂറോപ്പിലെ അൽബേനിയ, ഗ്രീസ്, ഹംഗറി, റുമാനിയ മുതലായ രാജ്യങ്ങളിലാണു വാമ്പയർക്കഥകൾക്കു പ്രചാരം. ആത്മഹത്യ